കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അലയമൺ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി -1/1896/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി – 15/12/2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അലയമൺ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അലയമൺ ഗ്രാമപഞ്ചായത്ത് 2016 - 2017 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2016–2017 സാമ്പത്തികവർഷത്തെ

ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പുസഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-1/1896/2017 തീയതി:15/12/2017

കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.12.2016 മുതൽ 09.10.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾമാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ബിനുകുമാർ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 9.10.2017 മുതൽ<br>21.10.2017വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ഐസക് ജോൺ, ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സി.ചന്ദ്രപ്രകാശ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ജയേഷ്.ജെ, ഓഡിറ്റർ |

| (ബി)നിർവ്വഹണാധികാരികൾ | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എം.ഹംസ | 1.4.2016മുതൽ 31.3.2017 വരെ |
| സെക്രട്ടറി | ശ്രീ.രാജു.എം | 1.4.2016മുതൽ 17.7.2016വരെ |
| | ശ്രീ.വി.സുരേഷ് കുമാർ | 18.7.2016മുതൽ 31.3.2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| പേര് | ഉദ്യോഗപ്പേര് | കാലയളവ് |
| അസി.എഞ്ചിനിയർ | ശ്രീ.അനീഷ് കുമാർ.ജെ | 1.4.2016മുതൽ 31.3.2017വരെ |
| കൃഷി ഓഫീസർ | ശ്രീ.വി.എസ്.സത്യൻ | 1.4.2016 മുതൽ 31.3.2017 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ.അരുൺ ജൂഡ് അൽഫോൺസ് | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.ബി.മേരി സൂസമ്മ | 1.4.2016മുതൽ 31.3.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.സാട്ടിയ വാഷിംഗ്ടൺ | 1.4.2016മുതൽ 4.9.2016വരെ |
| | ഡോ.ജോയ് ഫ്രാൻസിസ് | 5.9.2016 മുതൽ 31.3.2017 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.വി.ദേവരാജൻ ആചാരി | 1.4.2016മുതൽ 21.8.2016 വരെ |
| | ശ്രീമതി.ഷാജിദ ബീഗം | 22.8.2016 മുതൽ 31.3.2017 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ജയലക്ഷ്മി | 1.4.2016 മുതൽ 13.3.2016 വരെ |
| | ശ്രീമതി.വത്സലകുമാരി | 14.3.2016മുതൽ 31.3.2017 |
| വി.ഇ.ഒ | ശ്രീമതി.ജയമോൾ | 1.4.2016 മുതൽ 31.3.2017വരെ |
| വി.ഇ.ഒ | ശ്രീമതി.ജിജിഗോപാൽ | 1.4.2016 മുതൽ 31.3.2017 വരെ |

| | | |
|---|---|---|
| ഹെഡ്മിസ്ട്രസ് | ശ്രീമതി.ഫസീല.എ | 1.4.2016 മുതൽ 31.3.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.അജീഷ് കുമാർ.ബി.എസ് | 1.4.2016 മുതൽ 31.3.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം – 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തികവിശകലനം | 1-4 |
| 6 | ഫണ്ട് വിനിയോഗം | 1-5 |
| 7 | പദ്ധതി അവലോകനം | 1-7 |
| 8 | തനതുവരുമാനം | 1-8 |
| 9 | ക്ഷേമപദ്ധതികൾ | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |

| | | |
|---|---|---|
| | ഭാഗം - 2 | |
| 12 | മൊബൈൽ ടവറുകളിൽനിന്നു വസ്തുനികുതി ഈടാക്കുന്നില്ല | 2-1 |
| 13 | ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കിയതിലെ അപാകതകൾ | 2-2 |
| 14 | ലേലത്തുക ഈടാക്കിയില്ല | 2-3 |
| 15 | ഡി&ഒ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-4 |
| 16 | തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ | 2-5 |
| 17 | ഭാഗം – 3 | |
| 18 | പശ്ചിമഘട്ട വികസന പദ്ധതി - പദ്ധതിനിർവ്വഹണത്തിൽ വീഴ്ച-തുക തടസ്സപ്പെടുത്തുന്നു | 3-1 |
| 19 | പഞ്ചായത്തിലെ കുടിവെള്ള പദ്ധതികൾ-നിർവ്വഹണം പൂർത്തീകരിച്ചില്ല. | 3-2 |
| 20 | ഗാർഹിക സാനിട്ടറിയൂണിറ്റുകൾ (എസ്.സി.പി) നിർവ്വഹണം പൂർത്തീകരിച്ചില്ല | 3-3 |
| 21 | പട്ടികജാതിവിദ്യാർത്ഥികൾക്ക് സൈക്കിൾ - പദ്ധതിനിർവ്വഹണത്തിലെ അപാകതകൾ-തുക തടസ്സപ്പെടുത്തുന്നു. | 3-4 |

| | | |
|---|---|---|
| 22 | പൂർത്തീകരണരേഖകൾ ഹാജരാക്കിയില്ല-<br>തുക തടസ്സപ്പെടുത്തുന്നു | 3-5 |
| 23 | ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്നുവാങ്ങൽ പദ്ധതി-<br>ചെലവാക്കിയ തുകയ്ക്ക് മരുന്നുകൾ ലഭ്യമായിട്ടില്ല. | 3-6 |
| 24 | കെ.എസ്.ഇ.ബി.യുമായി സംയുക്തപരിശോധന<br>നടത്തുന്നതിലെ കാലതാമസം - പഞ്ചായത്തിൽ<br>നിലവിൽ ഉപയോഗിക്കാത്ത ഓർഡിനറി<br>ബൾബുകൾക്ക് കറൻറ് ചാർജ് നൽകുന്നു | 3-7 |
| 25 | പ്രോജക്ട് നം. SO-037/17-മെത്രാംതോട്ടം കുടിവെള്ള<br>പദ്ധതി-കൺവീനർ ക്ലെയിം ചെയ്യാത്ത മെറ്റീരിയൽ<br>വില എസ്റ്റിമേറ്റ് നിരക്കിൽ അനുവദിച്ചു-19,958/- രൂപ<br>നിരാകരിക്കുന്നു. | 3-8 |
| 26 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ പ്രത്യേക ബാങ്ക്<br>അക്കൗണ്ട് നിലനിർത്തിയിരിക്കുന്നു-സർക്കാർ<br>നിർദ്ദേശത്തിന് വിരുദ്ധം | 3-9 |
| 27 | കൺവീനർ വാങ്ങിയിട്ടില്ലാത്ത സിമന്റ് സോളിഡ്<br>ബ്ലോക്കിന് എസ്റ്റിമേറ്റ് നിരക്കിൽ തുക അനുവദിച്ചു-<br>നിരാകരിക്കുന്ന തുക-10,976/-രൂപ | 3-10 |

| | | |
|---|---|---|
| | | |
| 28 | പ്രോജക്റ്റ് നം. S0081/17-പുത്തയം വള്ളിപ്പച്ച റോഡ് കോൺക്രീറ്റിംഗ്-കൺവീനർ പർച്ചേയ്സ് ചെയ്യാത്ത മണ്ണിന് എസ്റ്റിമേറ്റ് നിരക്കിൽ തുക അനുവദിച്ചു-നിരാകരിക്കുന്ന തുക 2,461/- രൂപ | 3-11 |
| | ഭാഗം – 4 | |
| 29 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 32 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-9 |
| 38 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 28.03.2016 തിയതിയിലെ I/2016-2017 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷികധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2017 | 30.7.2017 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2016-17 | 19.10.2017 | കെ.എസ്.എ.കെ.എൽ.എം.പി.1/1896/2017 തീയതി.15/12/2017 |

വാർഷികധനകാര്യപത്രികയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

1)ചണ്ണപ്പേട്ട സർവ്വീസ് സഹകരണബാങ്കിലുള്ള തനതുഫണ്ട് അക്കൗണ്ടിന്റെ (അക്കൗണ്ട് നമ്പർ, 46564), ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly debited by bank എന്നശിർഷകത്തിൽ 31.03.2017-ൽ error of pay എന്ന ശിർഷകത്തിൽ 1,92,683/- രൂപ കുറവ് ചെയ്തിരിക്കുന്നു. ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2)ബാലൻസ് ഷീറ്റിലെ B4 Grants and contributions for specific contribution for specific purposes ൽ ടോട്ടൽ സാനിട്ടേഷൻ കാമ്പയിൻ ഹെഡിൽ 9,97,174/- രൂപ ബാലൻസ് കാണിച്ചിരിക്കുന്നു. എന്നാൽ ടോട്ടൽ സാനിട്ടേഷൻ കാമ്പയിന്റെ ചണ്ണപ്പേട്ട കോർപ്പറേഷൻ ബാങ്കിന്റെ 6999-ാം നമ്പർ അക്കൗണ്ടിൽ 11,82,714/- രൂപ കാണുന്നു. ആയതിൽ 10,00,000 രൂപ ഗ്രാന്റ്സ് ഫ്രം ശുചിത്വ മിഷൻ എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബാലൻസ് തുകയുടെ വ്യത്യാസം ബോദ്ധ്യപ്പെട്ടിട്ടില്ല.

3)ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ ഷെഡ്യൂൾ 1-6 റവന്യൂ ഗ്രാന്റ്സ്, കോൺട്രിബ്യൂഷൻ & സബ്സിഡീസ് ഹെഡിൽ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം ഇനത്തിൽ 90,000 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ യഥാർത്ഥവരവ് എ.സി.ആർ പ്രകാരം 2,10,000/- രൂപയാണ്.

4)റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂളിലെ ആർ.പി.31 ഗ്രാന്റ് ഫണ്ട്സ് & കോൺട്രീബ്യൂഷൻ ഫോർ സ്പെസഫിക് പർപ്പസിൽ പശ്ചിമഘട്ട വികസനപദ്ധതിയിൽ (WGDP) 24,106/- രൂപ വരവ് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ 2016-2017 സാമ്പത്തികവർഷത്തിൽ ഈ ഇനത്തിൽ വരവില്ല.

5)ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി-5 സെക്യേർഡ് ലോൺ ഹെഡിൽ ലോൺ ഫ്രം ഹഡ്കോ എന്ന ശീർഷകത്തിൽ 22,500/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ വിശദാംശം ഹാജരാക്കിയിട്ടില്ല.

6)ആസ്തിയുടെ മൂല്യം കണക്കാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത

പരിശോധിക്കാൻ കഴിഞ്ഞില്ല.

7)സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ടുകളിൽ നിന്നും ഈടാക്കുന്ന വാറ്റ്, ആദായനികുതി, ക്ഷേമനിധിവിഹിതം എന്നിവ വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

8)സംയോജിത പദ്ധതിവിഹിതമായി മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭ്യമായ തുക സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,00,43,917 |
| വരവ് | 4,47,80,521 |
| ആകെ | 5,48,24,438 |
| ചെലവ് | 4,09,29,066 |
| നീക്കിയിരിപ്പ് | 1,38,95,372 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശത മാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 91,58,540 | 91,58,540 | 91,58,540 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 0 | 5447847 | 5447847 | 5447847 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 74550 | 74550 | 74550 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 3006636 | 3006636 | 3006636 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 1502859 | 1502859 | 1502859 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4391045 | 4391045 | 4391045 | 0 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 2066 | 27770520 | 27772586 | 27754922 | 17664 | 99.9 |
| ബി ഫണ്ട് | 0 | 29136620 | 29136620 | 29136620 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 158 | 4,91,54,369 | 109 | 2,73,48,753 | 38 | 11 | 68.98 |

| പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ | |
|---|---|
| 1 | ജൈവ കമ്പോസ്റ്റ് കുഴി പ്ലാസ്റ്റിക് ശേഖരണം -61/17 |

| | |
|---|---|
| 2 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് നോട്ടുബുക്ക് ,സ്റ്റേഷനറി മുതലായവ നൽകൽ(എസ്.ടി)-96/17 |
| 3 | കിണർ റീചാർജ്(എസ്.ടി)-142/17 |
| 4 | ഗാർഹിക കുടിവെള്ള കണക്ഷൻ(എസ്.ടി)-144/17 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 33% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 43,18,513 | 56,39,580 | 13,21,067 | +30.5 |
| നികുതിയേതര വരവുകൾ | 9,03,591 | 2411988 | 15,08,397 | +166 |
| മറ്റുവരവുകൾ | 59,75,349 | 68,64,768 | 8,89,419 | +14.8 |
| ആകെ | 1,11,97,453 | 1,49,16,336 | 37,18,883 | +33.2 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 2,03,400 | 235 |
| കർഷകതൊഴിലാളി പെൻഷൻ | 33,75,000 | 1558 |

| | | |
|---|---|---|
| വിധവാപെൻഷൻ | 1,08,67,120 | 4246 |
| വാർദ്ധക്യകാലപെൻഷൻ | 1,20,06,535 | 3693 |
| വികലാംഗപെൻഷൻ | 24,32,565 | 955 |
| വിവാഹധനസഹായം | 21,000 | 7 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.10.2017 ന് സ്ഥാപനതലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,859/-രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്ത് ആസ്തി രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല.തെരുവുവിളക്ക് രജിസ്റ്ററിന്റെ സൂക്ഷിപ്പ് തൃപ്തികരമല്ല. വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല. ലോൺ രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. ന്യൂ ബിൽഡിംഗ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.8.2017 | 7/2017 | 10.10.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 4.5.2017 | 2012-13 മുതൽ 2015-16 വരെ | 10.8.2017 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 മൊബൈൽ ടവറുകളിൽ നിന്നു വസ്തുനികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ മൊബൈൽ ടവറുകളിൽനിന്ന് 2016-17 വരെ വസ്തുനികുതിയിനത്തിൽ ഈടാക്കാനുള്ള തുകയുടെ വിശദാംശങ്ങൾ താഴെ കാണിക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ടവറിന്റെ പേര് | 2016-17 വരെ ഈടാക്കാനുള്ള വസ്തുനികുതി |
|---|---|---|---|
| 1 | 1/256 | ബി.എസ്.എൻ.എൽ | 39,386 |
| 2 | 7/314 | റിലയൻസ് ഇൻഫോടെൽ | 22,680 |
| 3 | 8/391 | ഭാരതി ഇൻഫോടെൽ | 34,020 |
| 4 | 10/147 | ഭാരതി ഇൻഫോടെൽ | 34,020 |
| 6 | 13/3 | ഐഡിയ സെല്ലുലാർ ലിമിറ്റഡ് | 34,020 |
| ആകെ | | | 1,64,126 |

മൊബൈൽടവറുകളിൽനിന്നും ആകെ 1,64,126രൂപ വസ്തുനികുതി ഇനത്തിൽ പിരിച്ചെടുക്കാൻ ശേഷിക്കുന്നു. ആയത് ഈടാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ 10/20.10.17 നം എൻക്വയറിക്ക്

പഞ്ചായത്ത് നൽകിയ മറുപടിയിൽ മൊബൈൽടവറുകളിൽനിന്നും വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. മൊബൈൽ ടവറുകളിൽനിന്നും വസ്തുനികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-2 ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കിയതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ ഷോപ്പിംഗ് കോംപ്ലക്സ് വാടക രജിസ്റ്റർ,ഫയലുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഗ്രാമപഞ്ചായത്തിന്റെ ചണ്ണപ്പേട്ട ഷോപ്പിംഗ് കോംപ്ലക്സിലെ 10, 12, 14, 20, 21, 22, 23, 24 നമ്പറുകളിലുള്ള റൂമുകൾ ഒഴിഞ്ഞു കിടക്കുകയാണ്. ഇതുമൂലം പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനത്തിൽ കുറവുണ്ടാകുന്നു. ടി റൂമുകൾ ലേലം ചെയ്തുനൽകേണ്ടതാണ്.

2) കരുകോൺ ഷോപ്പിംഗ് കോംപ്ലക്സിലെ റൂം നമ്പർ ഒന്നിലെ വാടകക്കാനായ ശ്രീ.സജി ബേബി,പ്ലാവിള പുത്തൻ വീട് 2016-17 വർഷം അടവാക്കിയിട്ടില്ല. ഇദ്ദേഹത്തിൽനിന്നും ഒരു വർഷത്തെ വാടകയായ 38,460 രൂപ (3205X12) ഈടാക്കാൻ ശേഷിക്കുന്നു. ടിയാനെ റൂമിൽനിന്ന് ഒഴിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതും വാടകക്കുടിശ്ശിക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതുമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നല്കിയ 5/12.10.17 നം. എൻക്വയറിക്ക് ഗ്രാമപഞ്ചായത്ത് നൽകിയ മറുപടിയിൽ ലേലനടപടികൾ കൈക്കൊള്ളുന്നതും വാടക കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 2-3 ലേലത്തുക ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ ചണ്ണപ്പേട്ട പബ്ലിക്ക് മാർക്കറ്റിലെ ഗേറ്റ് ഫീസ് 2016-17 വർഷം പിരിക്കുന്നതിനുള്ള അവകാശം ശ്രീ.വിജയൻ, വിശാഖ് ഭവൻ എന്ന വ്യക്തിക്ക് 14.03.2016 തീയതിയിലെ ലേലത്തിൽ നൽകുകയുണ്ടായി. ലേലസംഖ്യയായ 1,11,000/- രൂപയിൽ 40,000/- രൂപയാണ് ഇദ്ദേഹം പഞ്ചായത്തിൽ അടച്ചത് (രസീത് നം.11503103435/18.3.16). ലേലനിബന്ധനപ്രകാരം ലേലം ആരംഭിക്കുന്നതിനുമുമ്പ് ഹാജരാക്കേണ്ട സോൾവൻസി സർട്ടിഫിക്കറ്റ് ഇദ്ദേഹത്തിൽനിന്ന് വാങ്ങി സൂക്ഷിച്ചിട്ടില്ല.

ടിയാനിൽനിന്നും ഈടാക്കാനുള്ള ലേലത്തുക 71,000/- രൂപ ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ 6/12.10.2017 നം. എൻക്വയറിക്ക് ഗ്രാമപഞ്ചായത്ത് നൽകിയ മറുപടിയിൽ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ലേലത്തുക71,000/- രൂപ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 ഡി&ഒലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന കച്ചവടസ്ഥാപനങ്ങൾ ഓഡിറ്റ് വർഷം ഡി&ഒ ലൈസൻസ് എടുത്തിട്ടില്ല.

1.നീതി സ്റ്റോർ

2.ഓയിൽ പാം ഇൻഡ്യാ ലിമിറ്റഡ്

3.സാം ഒപ്റ്റിക്കൽസ്

4.യുണൈറ്റഡ് കാഷ്യു എക്സ്പോർട്ടേഴ്സ്

5.കൈലാസ് എന്റർപ്രൈസസ്

6.അഞ്ചൽ ടൈംസ് & റേഡിയോസ്

7.ലോറൽ ബേക്കറി

8.തണൽ പൗൾട്രി ഫാം

9.ദീപക് ഗ്രാനൈറ്റ് & ടൈൽസ്

10.മഹാറാണി ഇൻഡസ്ട്രീസ് & കെമിക്കൽസ്

11.ക്വീൻസ് ബ്യൂട്ടി പാർലർ

ഇക്കാര്യം കാണിച്ച് നൽകിയ 4/12.10.17നം എൻക്വയറിക്ക് പഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത സ്ഥാപനങ്ങളിൽനിന്ന് ഡി&ഒ ലൈസൻസ് ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ആയത് ഈടാക്കി അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്ന് ഡി&ഒ ലൈസൻസ് ഫീസും സ്ഥാപന തൊഴിൽനികുതിയും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെ കാണിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽനിന്ന് 2016-17 വർഷം സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഈടാക്കാനുള്ള അർധവർഷം |
|---|---|---|
| 1 | പ്രിയദർശിനി വനിതാ സഹകരണ സംഘം | I, II |
| 2 | ബ്രദേഴ്സ് ഫിനാൻസ് | I, II |

മേൽ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നല്കിയ 3/12.10.17 നം. എൻക്വയറിക്ക് ഗ്രാമപഞ്ചായത്ത് നൽകിയ മറുപടിയിൽ പ്രസ്തുത സ്ഥാപനങ്ങളിൽനിന്ന് തൊഴിൽനികുതി ഈടാക്കുന്നതിന് നോട്ടീസ് നല്കിയിട്ടുണ്ടെന്നും തൊഴിൽനികുതി ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽനിന്നും തൊഴിൽനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പശ്ചിമഘട്ടവികസനപദ്ധതി - പദ്ധതിനിർവ്വഹണത്തിൽ വീഴ്ച-തുക തടസ്സപ്പെട്ടുത്തുന്നു

അലയമൺ ഗ്രാമപഞ്ചായത്തിലെ ആനപ്പുഴയ്ക്കൽ, പുല്ലാഞ്ഞിയോട്, മീൻകുളം നീർത്തട വികസനപദ്ധതിയിലാണ് പദ്ധതിനിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച സംഭവിച്ചിരിക്കുന്നത്.

| നീർത്തട വികസന പദ്ധതിയുടെ പേര് (Water shed ) | ഫണ്ട് | ചെലവാക്കിയ തുക |
|---|---|---|
| ആനപ്പുഴയ്ക്കൽ | തനത് ഫണ്ട് | 1,32,535 |
| പുല്ലാഞ്ഞിയോട് | | 2,39,063 |
| മീൻകുളം | | 6,33,945 |

| | |
|---|---|
| ആകെ (പഞ്ചായത്ത് വിഹിതമായി നൽകിയ തുക) | 10,05,543 |

2010-2011, 2011-2012, 2012-2013 സാമ്പത്തികവർഷങ്ങളിൽ നടപ്പാക്കേണ്ടിയിരുന്ന പദ്ധതിയിൽ പഞ്ചായത്തുവിഹിതം ലഭ്യമാക്കാതിരുന്നതിനാൽ 2015-2016, 2016-2017 സാമ്പത്തികവർഷങ്ങളിലാണ് പദ്ധതിനിർവ്വഹണം നടത്തിയിട്ടുള്ളത്. മേൽ പദ്ധതികൾ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കൺസൾട്ടൻസി, കണ്ണൂർ എന്ന ഏജൻസി മുഖാന്തിരമാണ് (ആനപ്പുഴയ്ക്കൽ നീർത്തട വികസനപദ്ധതി ഒഴികെയുള്ളവ) നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിനിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)ആനപ്പുഴയ്ക്കൽ നീർത്തടവികസനപദ്ധതിയുടെ നിർവ്വഹണരേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2)മീൻകുളം നീർത്തടവികസനപദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കൺസൾട്ടൻസി, കണ്ണൂർ എന്ന ഏജൻസി ഹാജരാക്കിയ രേഖകൾ ഓഡിറ്റ് നടത്തിയതിൽ ജില്ലാകളക്ടറിൽനിന്നും അനുമതി ലഭിച്ചിരിക്കുന്ന പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിനും (Natural Resource Management) ഉൽപാദനമേഖല (Production System), ജീവനോപാധി (Livelihood) ഇനങ്ങളുടെ എണ്ണവും ആകെ വിതരണം ചെയ്തിരിക്കുന്ന/ആനുകൂല്യം നൽകിയിരിക്കുന്ന ഇനങ്ങളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

(എ) കിണർ റീ ചാർജ്ജിംഗിനായി അനുമതി നൽകിയിരുന്നത് 51 ഗുണഭോക്താക്കൾക്കാണ് എന്നാൽ 48 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതായുള്ള രേഖകളാണ് ഹാജരാക്കിയിട്ടുള്ളത്.

(ബി)വാഴകൃഷിയ്ക്ക് അനുമതി നൽകിയിരുന്നത് 216 ഗുണഭോക്താക്കൾക്കാണ്. എന്നാൽ 165 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതായുള്ള രേഖകളാണ് ഹാജരാക്കിയത്.

(സി)ആട്ടുവളർത്തലിനായി അനുമതി നൽകിയിരുന്നത് 63 ഗുണഭോക്താക്കൾക്കാണ്. എന്നാൽ 47 ഗുണഭോക്താക്കൾക്ക് ആനുകൂല്യം

നൽകിയതായുള്ള രേഖകളേ ഹാജരാക്കിയിട്ടുള്ളൂ.

(ഡി)കിഴങ്ങുവിള കൃഷിക്കായി അനുമതി നൽകിയിരുന്നത് 194 ഗുണഭോക്താക്കൾക്കാണ് എന്നാൽ 55 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതായുള്ള രേഖകളേ ഹാജരാക്കിയിട്ടുള്ളൂ.

(ഇ) മുട്ടക്കോഴി വിതരണം പദ്ധതിയിൽ 2012-2013 വർഷത്തേക്ക് അനുമതി നൽകിയിരുന്നത് 770 കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനായാണ്. എന്നാൽ 516 കോഴികുഞ്ഞുങ്ങളുടെ വിതരണരേഖകളാണ് ഹാജരാക്കിയത്.

(എഫ്) വിഭവങ്ങളുടെ സംരക്ഷണത്തിൽ മണ്ണ്-ജല സംരക്ഷണത്തിനായി 1478 m3 സംരക്ഷണഭിത്തി നിർമ്മിച്ചിട്ടുണ്ട്. ഗുണഭോക്തൃസമിതി മുഖേനയാണ് ഈ നിർമ്മാണം നടത്തിയിട്ടുള്ളത്. ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖകൾപ്രകാരം കൺവീനർ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

(ജി) ആട്ടുവളർത്തൽ, പശു വളർത്തൽ പദ്ധതികളിൽ പർച്ചേസിംഗ് കമ്മിറ്റികൾ കൂടിയിട്ടില്ല. പശുക്കളെ ഗുണഭോക്താക്കൾ നേരിട്ട് വാങ്ങുകയും ആയതിന് തുക ചെക്കായി നേരിട്ട് നൽകുകയുമാണ് ചെയ്തിട്ടുള്ളത്. ആട് വളർത്തലിന് ആടുകളെ നൽകിയ വ്യക്തിക്കാണ് തുക നൽകിയിട്ടുള്ളത് ആയതിന് ക്വട്ടേഷൻ ക്ഷണിക്കുകയോ പർച്ചേസിംഗ് കമ്മിറ്റി കൂടുകയോ ചെയ്തിട്ടില്ല. കൂടാതെ ഇവ ഇൻഷ്വർ ചെയ്തതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല.

(എച്ച്)ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച് ഗ്രാമസഭ/നീർത്തടവികസനപദ്ധതി സഭ കൂടിയതിന്റെ മിനിട്സിന്റെ അസ്സൽ/രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയില്ല. ആയതിനാൽ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിന്റെ സുതാര്യത വ്യക്തമല്ല.

3)പുല്ലാഞ്ഞിയോട് നീർത്തടവികസനപദ്ധതിയ്ക്കായി (Pullangiyodu Watershed)2011-2012 വർഷത്തിലാണ് തുക ലഭ്യമായത്. ആയത് പൂർണ്ണമായും നിർവ്വഹണം നടത്താതെ തിരികെ അടവാക്കിയിട്ടുള്ളതാണ്.

4)മീൻകുളം, പുല്ലാഞ്ഞിയോട് എന്നീ നീർത്തടവികസനപദ്ധതികളിൽ ആനുകൂല്യം വിതരണം നടത്തിയതിന്റെ ചെക്ക് ഇഷ്യൂ രജിസ്റ്റർ ബാങ്ക് പാസ്ബുക്ക്/പാസ്ഷീറ്റ് എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ചണ്ണപ്പേട്ട സർവ്വീസ് സഹകരണബാങ്കിലെ 7954, 9046, ഇന്ത്യൻ ബാങ്ക്, അഞ്ചലിലെ

6031217573 -ാം നമ്പർ അക്കൗണ്ട്, 6038707025ാം നമ്പർ അക്കൗണ്ട് എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

5)ബോധവൽക്കരണപരിശീലനം (Awarness Training Community Organization, ഭരണനിർവ്വഹണചെലവുകൾ (Administrative Organization), ഡോക്യുമെന്റേഷൻ(Documentation) എന്നീ വിഭാഗങ്ങളിലെ ചെലവുകൾ സംബന്ധിച്ചുള്ള രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

മേൽവിഷയം സംബന്ധിച്ച വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/20.10.2017 ന് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല. 2010-2011 സാമ്പത്തികവർഷം തുക ലഭ്യമാക്കിയ മേൽപദ്ധതിയുടെ നിർവ്വഹണത്തിൽ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലമാണ് ഇത്തരത്തിൽ വീഴ്ചയുണ്ടായത്. ആനപ്പുഴയ്ക്കൽ നീർത്തട വികസനപദ്ധതിയുടെ നിർവ്വഹണരേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പുല്ലാഞ്ഞിയോട് പദ്ധതിയിൽ നിർവ്വഹണം പൂർത്തിയാക്കാതെ തുക തിരിച്ചടയ്ക്കേണ്ടിവരികയും ചെയ്തു. നിർവ്വഹണ ഉദ്യോഗസ്ഥനപകരം രേഖകൾ ഹാജരാക്കിയത് ഏജൻസിയാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിച്ചിരിക്കുന്ന ക്രമനമ്പർ 5 പ്രകാരമുള്ള രേഖകളും എൻക്വയറി നൽകിയിട്ടും ഹാജരാക്കിയില്ല. ആയതിനാൽ ഈ പദ്ധതിയുടെ വിശദമായ പരിശോധന നടത്തുന്നതിന് ഭരണവകുപ്പിനെ ചുമതലപ്പെടുത്തുന്നു. പരിശോധന നടത്തി തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-2 പഞ്ചായത്തിലെ കുടിവെള്ള പദ്ധതികൾ നിർവ്വഹണം പൂർത്തീകരിച്ചില്ല

അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി എന്നിവർ നിർവ്വഹണം നടത്തിയ വിവിധ കുടിവെള്ള പദ്ധതികൾക്ക് നിർവ്വഹണം നടത്തുന്നതിലേക്കാവശ്യമായ തുകകൾ കേരള ജല അതോറിറ്റിയിൽ അടവാക്കിയെങ്കിലും നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

(എ)അസിസ്റ്റന്റ് സെക്രട്ടറി

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ബിൽ /വൗച്ചർ/ ചെക്ക് നമ്പർ | തുക |
|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | പദ്ധതി നമ്പർ | 138/2017 | ചെക്ക് നമ്പർ 128497/29.03.2017<br>ചണ്ണപ്പേട്ട സർവ്വീസ് സഹകരണ ബാങ്ക് | 50,000 |
| | പേര് | മുള്ളുകാട് കോളനി പൈപ്പ് ലൈൻ നീട്ടൽ | | |
| | ഫണ്ട് | സംസ്ഥാനാവിഷ്കൃത ഫണ്ട് | | |
| 2 | പദ്ധതി നമ്പർ | 139/2017 | | 1,00,000 |
| | പേര് | തേക്കിൻകാട് കമ്പകപ്പണ പൈപ്പ് ലൈൻ നീട്ടൽ | | |
| | ഫണ്ട് | സംസ്ഥാനാവിഷ്കൃത ഫണ്ട് | | |
| 3 | പദ്ധതി നമ്പർ | 141/2017 | | 2,00,000 |
| | പേര് | കുട്ടിനാട്കോളനി പൈപ്പ് ലൈൻ നീട്ടൽ | | |
| | ഫണ്ട് | സംസ്ഥാനാവിഷ്കൃത ഫണ്ട് | | |

(ബി)സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ

| | | | | |
|---|---|---|---|---|
| 1 | പദ്ധതി നമ്പർ | 152/2017 | ചെക്ക് നമ്പർ 128497/29.03.2017<br>ചണ്ണപ്പേട്ട സർവ്വീസ് സഹകരണ ബാങ്ക് | 50,000 |
| | പേര് | കുറവന്തേരി ചൊവ്വള്ളൂർ | | |

| | | | | |
|---|---|---|---|---|
| | | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | ബിൽ നം 33/23.03.2017 | |
| | ഫണ്ട് | സംസ്ഥാനാവിഷ്കൃത ഫണ്ട് | | |
| 2 | പദ്ധതി നമ്പർ | 153/2017 | വൗട്ടർ നമ്പർ - 21601048/23.03.2017 ബിൽ നമ്പർ- 32/23.03.2017 | 1,00,000 |
| | പേര് | പുല്ലാഞ്ഞിയോട് ലക്ഷംവീട് കുടിവെള്ള റോഡ് ലൈൻ നീട്ടൽ | | |
| | ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | |
| 3 | പദ്ധതി നമ്പർ | 154/2017 | വൗച്ചർ നമ്പർ - 21601045/23.03.2017 ബിൽ നമ്പർ- 31/23.03.2017 | 1,00,000 |
| | പേര് | പുല്ലാഞ്ഞിയോട് കാവുവിള കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | | |
| | ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | |
| 4 | പദ്ധതി നമ്പർ | 155/2017 | വൗച്ചർ നമ്പർ - 21601044/23.03.2017 ബിൽ നമ്പർ 30/23.03.2017 | 1,00,000 |
| | പേര് | പച്ചക്കാട് ശാന്തിനഗർ കുടിവെള്ളം പൈപ്പ് ലൈൻ നീട്ടൽ | | |
| | ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | |
| 5 | പദ്ധതി നമ്പർ | 156/2017 | വൗച്ചർ നമ്പർ - 21601043/23.03.2017 ബിൽ നമ്പർ- 29/23.03.2017 | 50,000 |
| | പേര് | ഗാന്ധി നഗർ കുടിവെള്ളം കോളനി പൈപ്പ് ലൈൻ നീട്ടൽ | | |
| | ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | |
| 6 | പദ്ധതി | 157/2017 | വൗച്ചർ നമ്പർ - | 50,000 |

| | | | | |
|---|---|---|---|---|
| | നമ്പർ | | 21601047/23.03.2017<br>ബിൽ നമ്പർ-34/23.03.2017 | |
| | പേര് | പ്രശാന്ത് നഗർ കുടിവെള്ളം പൈപ്പ് ലൈൻ നീട്ടൽ | | |
| | ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | |
| 7 | പദ്ധതി നമ്പർ | 158/2017 | വൗച്ചർ നമ്പർ - 21601042/23.03.2017<br>ബിൽ നമ്പർ-28/23.03.2017 | 1,00,000 |
| | പേര് | ഇലവുംപൊയ്ക കോളനി കുടിവെള്ളം പൈപ്പ് ലൈൻ നീട്ടൽ | | |
| | ഫണ്ട് | വികസന ഫണ്ട് | | |
| 9 | പദ്ധതി നമ്പർ | 159/2017 | വൗച്ചർ നമ്പർ - 21601046/23.03.2017<br>ബിൽ നമ്പർ33/23.03.2017 | 50,000 |
| | പേര് | കുറവന്തേരി ഫോറസ്റ്റ് റോഡ് പൈപ്പ് ലൈൻ നീട്ടൽ | | |
| | ഫണ്ട് | വികസന ഫണ്ട് | | |
| | | ആകെ | | 9,50,000/- |

മേൽ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും അല്ലെങ്കിൽ നിലവിലെ സ്ഥിതിയും സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 01/10.10.2017 ന് പദ്ധതികൾ നിർവ്വഹണഘട്ടത്തിലാണെന്നും പൂർത്തീകരിക്കുന്നമുറയ്ക്ക് സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നുമാണ് മറുപടിനൽകിയിരിക്കുന്നത്. പദ്ധതികൾ പൂർത്തീകരിക്കാത്തതിനാൽ ഈ ഇനത്തിൽ ചെലവുചെയ്ത 9,50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ സാക്ഷ്യപത്രം, വിശദമായ ബില്ലുകൾ എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-3 ഗാർഹിക സാനിട്ടറി യൂണിറ്റുകൾ (എസ്.സി.പി) നിർവ്വഹണം പൂർത്തീകരിച്ചില്ല

അലയമൺ ഗ്രാമപഞ്ചായത്തിൽ വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി 131 യൂണിറ്റുകളും, ആസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി 109

യൂണിറ്റുകളുമാണ് ഗാർഹിക ഒ.ഡി.എഫിന്റെ പ്രവർത്തനങ്ങൾക്കായി തുക ചെലവഴിച്ചിട്ടുള്ളത്. മേൽ യൂണിറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ജിയോ ടാഗിംഗ് നടത്തിയതിനെ സംബന്ധിച്ചുള്ള രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12/20.10.2017ന് വി.ഇ.ഒ നിർവ്വഹണം നടത്തിയ 131 യൂണിറ്റുകളുടെ രേഖകൾ മാത്രമാണ് ഹാജരാക്കിയത്. അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ 109 യൂണിറ്റുകളുടെ പൂർത്തീകരണരേഖകൾ ഹാജരാക്കുകയോ മറുപടി നൽകുകയോ ചെയ്തിട്ടില്ല.

| | | |
|---|---|---|
| പദ്ധതി | നമ്പർ 02 /2016-2017<br>ഗാർഹിക സാനിട്ടറി യൂണിറ്റ് (കക്കൂസ് നിർമ്മാണം) | |
| ഫണ്ട് | വികസന ഫണ്ട് (എസ്.സി.പി) | |
| | 01/2016-2017 തീയതി 30.08.2016<br>തുക -1,80,000/- | 16,78,600/- |
| | 02/2016-2017 തീയതി 30.08.2016<br>തുക -2,34,000/- | |
| | 03/2016-2017 തീയതി 30.09.2016<br>തുക -2,46,000/- | |
| | 04/2016-2017 തീയതി 04.10.2016<br>തുക -10,18,600/- | |

അസിസ്റ്റന്റ് സെക്രട്ടറി കേവലം തുക മാറി ഗുണഭോക്താക്കൾക്ക് നൽകുകമാത്രമാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച തുക രൂപ 16,78,600/- രൂപ തടസ്സപ്പെടുത്തുന്നു. പൂർത്തീകരണരേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## **3-4** പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ - പദ്ധതി നർവ്വഹണത്തിലെ അപാകതകൾ തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതി | നമ്പർ 43 /2016-2017<br>പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ |
| ഫണ്ട് | വികസന ഫണ്ട് (എസ്.സി.പി) |

| | | |
|---|---|---|
| ബിൽ നമ്പർ | 23/2016-2017 തീയതി 23.03.2017<br>തുക -1,58,550/- | 1,93,150/- |
| | 35/2016-2017 തീയതി 29.03.2017<br>തുക -34,600/- | |

അലയമൺ ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിൽ 10-ാം ക്ലാസിൽ പഠിക്കുന്ന പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. സൈക്കിൾ നൽകുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ 4 പേർ ക്വട്ടേഷൻ സമർപ്പിച്ചു. പല ഇനത്തിൽപ്പെട്ട / ബ്രാൻ്റുകളിൽപ്പെട്ട സൈക്കിളുകൾക്ക് പല തുകകളാണ് ക്വോട്ട് ചെയ്തിരുന്നത്. ആയതിൽ അയണിക്കൽ സൈക്കിൾസ് , ചാത്തന്നൂർ എന്ന സ്ഥാപനത്തിന്റെ ഹെർക്കുലീസ് ബോയ്സ് സൈക്കിളും(വില 4,250/-രൂപ), ഹീറോ ലേഡി ബേഡ് സൈക്കിളും (വില 4,350/-രൂപ) വാങ്ങി വിതരണം നടത്തുകയും ചെയ്തു. മേൽ ക്വട്ടേഷനിൽ കുറഞ്ഞതുകയുള്ള ഡാൽസൺ ബോയ്സ്(വില 3,750/-രൂപ) ഡാൽസൺ ഗേൾസ് (വില 3,340/-രൂപ) എന്നീ സൈക്കിളുകൾ ഉണ്ടായിരുന്നിട്ടും ഉയർന്നവിലയുള്ള സൈക്കിളാണ് വാങ്ങി വിതരണം നടത്തിയത്. ഗുണനിലവാരം സംബന്ധിച്ച പരിശോധനകളോ ഈ ഇനം വാങ്ങിനൽകുന്നതിനുള്ള ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനമോ ഓഡിറ്റിന് ഹാജരാക്കിയില്ല.

മേൽ വിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 08/13.10.2017ന് മറുപടി നൽകുകയോ മേൽ രേഖകളോ തീരുമാനമോ ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ ചെലവാക്കിയ തുക 1,93,150/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 പൂർത്തീകരണരേഖകൾ ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു

2016-2017 സാമ്പത്തികവർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെപ്പറയുന്ന പദ്ധതികൾക്ക് പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പദ്ധതി നമ്പർ /പര് | ഫണ്ട് | ബിൽ/ വൗച്ചർ നമ്പർ | തുക |
|---|---|---|---|---|
| 1 | നമ്പർ 8/2016-2017 എസ്.എസ്.എ. വിഹിതം നൽകൽ | സംസ്ഥാനാവിഷ്കൃത ഫണ്ട് | വൗച്ചർ നമ്പർ 21600826 /26.01.2017 | 8,00,000 |
| 2 | നമ്പർ 12/2016-2017 പി.എം.എ.വൈ. പദ്ധതി പഞ്ചായത്ത് വിഹിതം | വികസന ഫണ്ട് (ജനറൽ) | ബിൽ നമ്പർ 9/27.10.2017, ബിൽ നമ്പർ 19/22.02.2017, | 12,50,000 |
| 3 | നമ്പർ 18/2016-2017 പി.എം.എ.വൈ. പദ്ധതി പഞ്ചായത്ത് വിഹിതം (എസ്.സി.പി) | വികസന ഫണ്ട് (എസ്.സി.പി) | ബിൽ നമ്പർ 10/27.10.2017, ബിൽ നമ്പർ 26/22.02.2017, | 11,25,000 |
| 4 | നമ്പർ 44/2016-2017 ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോട് കൂടിയ സ്കൂട്ടർ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ബിൽ നമ്പർ 16/28.12.2017 | 1,72,350 |
| 5. | നമ്പർ 135/2016-2017 | തനത് ഫണ്ട് | വൗച്ചർ നമ്പർ 21601021/ | 50,000 |

| | | | | |
|---|---|---|---|---|
| | സമ്പൂർണ്ണ വൈദ്യുതീകരണം | | 16.03.2017 | |
| | ആകെ | | | 33,97,350 |

മേൽ പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14/21.10.2017 ന് പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്നും ലഭ്യമാകുന്നമുറയ്ക്ക് രേഖകൾ ഹാജരാക്കുന്നതാണെന്നും മറുപടി ലഭിച്ചു. അപ്രകാരം രേഖകൾ ഹാജരാക്കി 33,97,350/- രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്നുവാങ്ങൽ പദ്ധതി - ചെലവാക്കിയ തുകയ്ക്ക് മരുന്നുകൾ ലഭ്യമായിട്ടില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ പദ്ധതിയിൽ തുക നൽകിയതല്ലാതെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി നമ്പർ/പേര് | ബിൽ നമ്പർ, തുക | ഇൻവോയ്സ് നമ്പർ, രസീത് നമ്പർ | നിലവിലെ സ്ഥിതി |
|---|---|---|---|
| എസ്.0046/2016-2017 ഹോമിയോ ആശുപത്രി മരുന്ന് വാങ്ങൽ<br>മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | ബിൽ നമ്പർ 08/12.03.2017<br>പ്രകാരം 1,00,000/-<br>ഹോംകോയ്ക്ക് നല്കിയിട്ടുണ്ട്. | പി.എഫ് -998/09.01.2017<br>കൈപ്പറ്റ് രസിത് നമ്പർ- 2899/01.04.2017 | തുക നൽകി 6 മാസമായിട്ടും<br>മരുന്ന് ലഭ്യമായിട്ടില്ല. |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 07/12.10.2017 ന് മരുന്നുകൾ ലഭ്യമായിട്ടില്ലയെന്നും ലഭ്യമാകുന്നമുറയ്ക്ക് രേഖകൾ ഹാജരാക്കാമെന്നുമാണ് മറുപടി നൽകിയിരിക്കുന്നത് . മരുന്ന ലഭ്യമാകുന്നമുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അതുവരെ വാങ്ങുന്നതിന് ചെലവഴിച്ച 1,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 കെ.എസ്.ഇ.ബിയുമായി സംയുക്തപരിശോധന നടത്തുന്നതിലെ കാലതാമസം - പഞ്ചായത്തിൽ നിലവിൽ ഉപയോഗിക്കാത്ത ഓർഡിനറി

<u>ബൾബുകൾക്ക് കറൻറ് ചാർജ് നൽകുന്നു</u>

2016-2017 വർഷത്തിൽ അലയമൺ ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകൾ സംബന്ധിച്ച രേഖകൾ പരിശോധിച്ചപ്പോൾ പഞ്ചായത്തിൽ നിലവിൽ ഉപയോഗിക്കാത്ത ഓർഡിനറി ബൾബുകൾക്കും കറന്റ് ചാർജ് നൽകി വരുന്നതായി കറന്റ് ബിൽപ്രകാരം വ്യക്തമാകുന്നു. പഞ്ചായത്തിൽ നാളിതുവരെ കെ.എസ്.ഇ.ബിയുമായി സംയുക്തപരിശോധന നടത്തിയിട്ടില്ല. കെ.എസ്.ഇ.ബി.യിൽനിന്നും നൽകിയ വിശദമായ ബില്ല് പ്രകാരം കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിൽ താഴെപ്പറയുന്ന പ്രകാരം തെരുവുവിളക്കുകൾക്ക് പ്രവർത്തന ചാർജ് ഈടാക്കുന്നു.

| തെരുവു വിളക്കിന്റെ ഇനം | എണ്ണം | തുക |
|---|---|---|
| ഓർഡിനറി ബൾബ്(60W) | 67 | 6,298 |
| ഓർഡിനറി ബൾബ്(40W) | 481 | 29,341 |
| ഫ്ളൂറസന്റ് ട്യൂബ് | 42 | 2,562 |
| എം.വി.ലാമ്പ് | 5 | 1,030 |
| എസ്.വി.ലാമ്പ് | 42 | 17,388 |
| സി.എഫ്.എൽ | 678 | 5,429 |
| ആകെ | | 62,048 |

മേൽ ബില്ലിൽ 548 സാധാരണ ബൾബുകൾ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. ആയതിലേയ്ക്ക് പ്രതിമാസം 35,639/- (6298+29,341)

രൂപ നൽകുന്നുണ്ട്. നിലവിൽ അടാട്ട് മാതൃകയിലാണ് തെരുവുവിളക്കുകൾ പരിപാലിക്കുന്നത്. ആയതിലെ രജിസ്റ്ററിൽ സാധാരണ ബൾബുകൾ ഒന്നുംതന്നെ പഞ്ചായത്തിൽ ഇപയോഗിക്കുന്നില്ലായെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽനിന്നും കെ.എസ്.ഇ.ബി നിലവിൽ ഇല്ലാത്തതും/ഉപയോഗിക്കാത്തതുമായ ഓർഡിനറി ബൾബുകൾക്ക് കറന്റ് ചാർജ് ഈടാക്കികൊണ്ടിരിക്കുകയാണെന്ന് വ്യക്തമാകുന്നു. ഇങ്ങനെ ഇല്ലാത്ത ബൾബുകൾക്ക് വൈദ്യുതി ചാർജ് അടയ്ക്കുന്നതുവഴി പഞ്ചായത്തിന് നഷ്ടം ഉണ്ടായിക്കൊണ്ടിരിക്കുന്നു. മേൽവിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15/21.10.2017ന് പഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ സംയുക്തപരിശോധന നടത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബിയിൽനിന്നും സംയുക്തപരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും നാളിതുവരെ അധികമായി നൽകിയ കറന്റ് ചാർജ് തുക എത്രയാണെന്ന് തിട്ടപ്പെടുത്തി വരുംമാസങ്ങളിലെ ബില്ലുകളിൽ ക്രമീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. സംയുക്ത പരിശോധന നടത്തുന്നതിനും അധികം ഈടാക്കിയ തുക ക്രമീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## **3-8** പ്രോജക്റ്റ് നം. **SO-037/17-**മെത്രാംതോട്ടം കുടിവെള്ളപദ്ധതി- കൺവീനർ ക്ലെയിം ചെയ്യാത്ത മെറ്റീരിയൽ വില എസ്റ്റിമേറ്റ് നിരക്കിൽ അനുവദിച്ചു**-19,958/-** രൂപ നിരാകരിക്കുന്നു

| | |
|---|---|
| നിർവഹണം | അസി. എഞ്ചിനീയർ |
| അടങ്കൽ തുക | 4,51,000/- (വികസനഫണ്ട്-SCP) |
| കൺവീനർ | ശ്രീ.ഇന്ദ്രൻ |
| എഗ്രി. നം/തീയതി | 85/AE/LSGD/ALN/15-16 |

| | |
|---|---|
| | 03.03.2016 |
| എം. ബുക്ക് നം | 36/16-17. |
| ആകെ പ്രവൃത്തിമൂല്യം | 4,25,403 |
| (+) വാറ്റ് 5% | 21,270 |
| WF 1% | 4 254 -25,524 |
| 450927/- (ബിൽ നം.11/16-17 29.11.2016) | |
| (-) വാറ്റ് 4%- 21,270 | |
| WF 1%- 4,254 | |
| IT 1%- 4,254 29,778 | |
| കൺവീനർക്ക് നൽകിയത് 4,21,149/-രൂപ (DD No. 596406/15.12.16) | |

പ്രസ്തുത പ്രവൃത്തിയുടെ ഇനം- 14(എം.ബുക്ക് പേജ് നം. 8,26)പ്രകാരം കുടിവെള്ള പദ്ധതിയുടെ കുളത്തിന് എം.എസ്.ഗ്രിൽ കൊണ്ടുള്ള മൂടി സ്ഥാപിച്ചതിന് 1385 Kg ഗ്രിൽ എസ്റ്റിമേറ്റ് അളവായ 1339 Kg-ൽ പരിമിതപ്പെടുത്തി 134.50/Kg നിരക്കിൽ 1,80,096 രൂപ അനുവദിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ച അളവിൽ ഉൾപ്പെട്ട, ഗ്രിൽ നിർമ്മിക്കുന്നതിനാവശ്യമായ 5mm മെഷ്-ന്റെ അളവ് 502.9 Kg എന്നാണ് എം.ബുക്ക് പേജ് നം. 12-ൽ രേഖപ്പെടുത്തി തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ കൺവീനർ ഹാജരാക്കിയ ചെലവുരേഖകൾ പരിശോധിച്ചതിൽ 5mm മെഷ് 50.29 Kg മാത്രമാണ് കൺവീനർ വാങ്ങിയിട്ടുള്ളത് (ബിൽ നം. 419/22.8.16, ശ്രീമംഗലത്ത് ഹാർഡ് വെയേഴ്സ്, ചണ്ണപ്പേട്ട)എന്നു കാണുന്നു.

കൺവീനർ ഹാജരാക്കിയ 4,65,618/-രൂപയുടെ ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക | കുറിപ്പ് |
|---|---|---|---|
| 1 | ഗ്രിൽ, മെഷ്, എം.എസ്.ഫ്ലാറ്റ് | 14,474 | ബിൽ നം. 419/22.8.16, ശ്രീമംഗലത്ത് ഹാർഡ് |

| | | | |
|---|---|---|---|
| | | | വെയേഴ്സ്, ചണ്ണപ്പേട്ട. (5mm മെഷ് 50.29Kg-യ്ക്ക് 50/Kg നിരക്കിലുള്ള 2514/- രൂപ ഉൾപ്പടെ) |
| 2 | സ്റ്റീൽ, സിമന്റ്, എം.എസ്.ഗ്രിൽ | 42,150 | ബിൽ നം. 415/20.7.16, ശ്രീമംഗലത്ത് ഹാർഡ് വെയേഴ്സ്, ചണ്ണപ്പേട്ട. |
| 3 | മെറ്റൽ, എം.സാന്റ്, പാറ,സിമന്റ് കട്ട | 1,46,194 | കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടുണ്ട്. |
| 4 | തൊഴിൽ കൂലി | 2,62,800 | മസ്റ്റർ റോൾ ഹാജരാക്കിയിട്ടുണ്ട്. |
| ആകെ | | 4,65,618/-രൂ. | |

പ്രസ്തുത ചെലവുകൾ ഗുണഭോക്തൃസമിതി അംഗീകരിച്ചിട്ടുള്ളതായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

കൺവീനർ യഥാർത്ഥത്തിൽ വാങ്ങിയിട്ടുള്ള 50.29 Kg 5mm മെഷ്-ന്റെ ക്ലെയിം മാത്രം ടിയാന് അനുവദിച്ചാൽ മതിയാകും. എന്നാൽ 502.9 Kg മെഷ്-ന്റെ വില എസ്റ്റിമേറ്റ് നിരക്കിൽ കൺവീനർക്ക് അനുവദിച്ചിരിക്കുന്നു. ഗുണഭോക്തൃസമിതി മാർഗ്ഗരേഖയിലെ വ്യവസ്ഥപ്രകാരം, ക്ലെയിം തുകയെ അധികരിച്ച ചെലവുകൾ സന്നദ്ധസേവനമായാണ് കണക്കാക്കേണ്ടത്. ആയതിനാൽ, 452.61Kg (502.9-50.29=452.61Kg) 5mm മെഷ്-ന് 44.09465/Kg നിരക്കിൽ (കൺവേയൻസ് ഉൾപ്പടെ) അനുവദിച്ച 19,958/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

മേൽവിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.11/20.10.17) മറുപടിയിൽ " 452.61 Kg വരുന്ന 5mm മെഷ് വാങ്ങിയതിന്റെ ബിൽ സമർപ്പിച്ചിട്ടില്ല എന്നും, കൺവീനറെ വിവരം അറിയിച്ചപ്പോൾ അബദ്ധവശാൽ വിട്ടുപോയതാണെന്നും, ബിൽ രണ്ടു ദിവസത്തിനകം

ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ടെന്നും, ആയത് ലഭിച്ചാലുടൻ ഫയലിൽ ചേർത്ത് സൂക്ഷിച്ചുകൊള്ളാമെന്നുമാണ്" പരാമർശിച്ചിരിക്കുന്നത്. എന്നാൽ പ്രവൃത്തിയുടെ യഥാർത്ഥ ചെലവുകൾ ഗുണഭോക്തൃസമിതി അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത മറുപടി അംഗീകരിക്കാൻ കഴിയുകയില്ല.

അധികം നൽകിയ തുക കൺവീനറിൽനിന്നോ, ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നോ ഈടാക്കേണ്ടതാണ്.

## 3-9 അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ പ്രത്യേക ബാങ്ക് അക്കൗണ്ട് നിലനിർത്തിയിരിക്കുന്നു- സർക്കാർ നിർദ്ദേശത്തിനുവിരുദ്ധം

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ബിൽ സമ്പ്രദായം നടപ്പിലാക്കിയതു മുതൽ ബാങ്കിംഗ് ട്രഷറി മുഖേന ബില്ലുമാറുന്ന പഞ്ചായത്തുകളിൽ നിർവഹണേദ്യോഗസ്ഥർ പ്രത്യേകബാങ്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതില്ല എന്ന് ജി.ഒ.(പി) നം. 516/2004/ധന തീയതി 3.11.2004 ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. അലയമൺ ഗ്രാമപഞ്ചായത്തിന്റെ ബില്ലുകൾ മാറുന്നത് ബാങ്കിംഗ് ട്രഷറിയായ അഞ്ചൽ സബ് ട്രഷറിമുഖേനയാണ്. എന്നാൽ നിർവഹണേദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി) യുടെ പേരിൽ ചണ്ണപ്പേട്ട സർവ്വീസ് സഹകരണബാങ്കിൽ അക്കൗണ്ട് നിലവിലുണ്ട് (അക്കൗണ്ട് നം.9245). പ്രസ്തുത അക്കൗണ്ടിൽ 31.3.2017-ലെ നീക്കിയിരിപ്പ് 16,923/- രൂപയാണ്. ടി തുക എത്രയും വേഗം സർക്കാരിലേക്ക് തിരിച്ചടച്ച് ബാങ്ക് അക്കൗണ്ട് അവസാനിപ്പിക്കേണ്ടതാണ്.

## 3-10 കൺവീനർ വാങ്ങിയിട്ടില്ലാത്ത സിമന്റ് സോളിഡ് ബ്ലോക്കിന് എസ്റ്റിമേറ്റുനിരക്കിൽ തുക അനുവദിച്ചു-നിരാകരിക്കുന്ന തുക-10,976/-രൂ.

2016-17 വർഷം അസി.എഞ്ചിനീയർ നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന കൺവീനർ വർക്കുകളിൽ പ്രവൃത്തിക്കാവശ്യമായ സിമന്റ് സോളിഡ് ബ്ലോക്കുകൾ പൂർണ്ണമായി കൺവീനർ വാങ്ങിയില്ല എങ്കിലും, വാങ്ങാത്ത സിമന്റ് സോളിഡ് ബ്ലോക്കുകൾക്കും എസ്റ്റിമേറ്റുനിരക്കിൽ തുക നൽകിയിട്ടുള്ളതായി കാണുന്നു.

| (എ)പ്രോജക്ട് നം. S0028/17- വനത്തുംമുക്ക് അങ്കണവാടി മെയിന്റനൻസ്. | |
|---|---|
| അടങ്കൽ തുക | 2,00,000/- (MGNR) |
| കൺവീനർ | ശ്രീമതി.ഷൈനി.ജെ |

| | |
|---|---|
| എഗ്രി.നം/തീയതി 79/AE/LSGD /ALN/15-16 24.2.16 | |
| എം. ബുക്ക് നം | 81/15-16 |
| സി.സി.I & പാർട്ട് ബിൽ | |
| ആകെ പ്രവൃത്തിമൂല്യം | 1,64,684 |
| (-) റിട്ടെൻഷൻ 10% | 16,468 |
| | 1,48,216 |
| (+) നികുതികൾ 6% | 8,893 |
| 157109 ( ബിൽ നം. 111/15-16 //30.3.2016) | |
| (-)വാറ്റ് 5% | 7,411 |
| KCWWF 1% | 1,482 |
| IT 1% | 1,482 ആകെ 10,375 |
| കൺവീനർക്ക് നൽകിയത് | 1,46,734/- രൂപ |
| സി.സി.I I & ഫൈനൽ ബിൽ(since last measurement) | |
| ആകെ പ്രവൃത്തിമൂല്യം | 24,043 |
| (+) റിട്ടെൻഷൻ | 16,468 |
| | 40,511 |
| (+) നികുതികൾ 6% | 2,431 |
| | 42,942 |
| എസ്റ്റിമേറ്റിൽ പരിമിതപ്പെട്ടുത്തിയത് 42,891/- ( ബിൽ നം. 6/16-17 /29.11.2016) | |
| (-)വാറ്റ് 5% | 2,026 |
| KCWWF 1% | 405 |
| IT 1% | 405 ആകെ 2,836 |
| കൺവീനർക്ക് നൽകിയത് | 40,055/- രൂപ (DD No. 698404/15.12.2016) |

എസ്റ്റിമേറ്റ് ഇനം- 1(എം.ബുക്ക് പേജ് നം.35)പ്രകാരം, “Solid block masonry using pre cast solid blocks (factory made) of size 30x20x15 cm or nearest

available size confirming to IS 2185 part I of 1979 for foundation and plinth with thickness 15cm in CM 1:6 etc. complete” എന്ന ഇനത്തിന് 4.83m3 @5,167.49/m3 നിരക്കിൽ 24,958.98 രൂ. നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റുനിരക്കിലുള്ള തുകയാണ് പ്രസ്തുത ഇനത്തിന് അനുവദിച്ചിട്ടുള്ളത്.

| | |
|---|---|
| 30x20x15 cm അളവിലുള്ള ഒരു സിമന്റ് കട്ടയുടെ വ്യാപ്തം (ചാന്ത് കനം ഉൾപ്പടെ) | 0.31x0.21x0.16= 0.010416 m3. |
| 4.83 m3 ഭിത്തി കെട്ടാനാവശ്യമായ സിമന്റ് കട്ടയുടെ എണ്ണം | 4.83/ 0.010416= 464 |

എന്നാൽ ഫയൽ പരിശോധിച്ചതിൽ 160 സിമന്റ് കട്ടകൾ വാങ്ങിയ ഇനത്തിൽ 4,800/-രൂപ മാത്രമാണ് കൺവീനർ ചെലവഴിച്ചതായി കാണുന്നത്. ഈ ചെലവുൾപ്പടെ പദ്ധതിക്കായി ആകെ ചെലവഴിച്ച 2,18,730/- രൂപ ഗുണഭോക്തൃസമിതി അംഗീകരിച്ചതായി ഗുണഭോക്തൃസമിതിയുടെ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്.

കൺവീനർ ക്ലെയിം ചെയ്തിട്ടില്ലാത്ത 304 സിമന്റ് കട്ടകൾക്ക് (464-160=304) എസ്റ്റിമേറ്റ് നിരക്കിൽ തുക അനുവദിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. കൺവീനർ ക്ലെയിം ചെയ്തിട്ടില്ലാത്ത ഇനം സന്നദ്ധസേവനമായി കണക്കാക്കണമെന്നാണ് ഗുണഭോക്തൃസമിതി മാർഗ്ഗരേഖളിൽ വ്യക്തമാക്കിയിട്ടുള്ളത്.

കൺവീനർ തുക ക്ലെയിം ചെയ്തിട്ടില്ലാത്ത സിമന്റ് കട്ടയുടെ എണ്ണം = 304

തുക ക്ലെയിം ചെയ്തിട്ടില്ലാത്ത 304 സിമന്റ് കട്ടകൾക്ക് ഷെഡ്യൂൾ നിരക്കായ 32രൂപ നിരക്കിൽ അനുവദിച്ച തുക 9728/-(304x32) രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക കൺവീനറിൽനിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നോ ഈടാക്കേണ്ടതാണ്.

| (ബി)പ്രോജക്ട് നം. S0104/17- ഉത്താംപള്ളി ചിറ റോഡ് കോൺക്രീറ്റ് & കൈവരി നിർമ്മാണം. | |
|---|---|
| അടങ്കൽ തുക | 2,00,000/- (MGR) |
| കൺവീനർ | ശ്രീ.സജി |
| എഗ്രി. നം/തീയതി | 24/AE/LSGD/ALN/16-17/30.1.17 |

| | |
|---|---|
| എം. ബുക്ക് നം | 15/16-17 |
| ആകെ പ്രവൃത്തിമൂല്യം | 1,87,972 ( ബിൽ നം. 45/16-17/31.3.17) |
| (-)വാറ്റ് 5% | 9,399 |
| KCWWF 1% | 1,880 |
| IT 1% | 1,880 ആകെ.13,159/- |
| കൺവീനർക്ക് നൽകിയത് | 1,74,813/- |

എസ്റ്റിമേറ്റ് ഇനം- 4(എം.ബുക്ക് പേജ് നം.11,12)പ്രകാരം, "Solid block masonry using pre cast solid blocks (factory made) of size 40x20x10 cm or nearest available size confirming to IS 2185 part I of 1979 for superstructure upto floor two level for 10cm thick wall in CM 1:6 including cost of scaffolding complete" എന്ന ഇനത്തിന് 1.166m3 @6077.34/m3 നിരക്കിൽ 7,086.18 രൂ. നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് നിരക്കിലുള്ള തുകയാണ് പ്രസ്തുത ഇനത്തിന് അനുവദിച്ചിട്ടുള്ളത്.

40x20x10 cm അളവിലുള്ള ഒരു സിമന്റ് കട്ടയുടെ വ്യാപ്തം (ചാന്ത് കനം ഉൾപ്പടെ)=0.41x0.21x0.11= 0.009471 m3.

1.166m3 ഭിത്തി കെട്ടാനാവശ്യമായ സിമന്റ്
കട്ടയുടെ എണ്ണം = 1.166/ 0.009471= 124

എന്നാൽ ഫയൽ പരിശോധിച്ചതിൽ 76 സിമന്റ് കട്ടകൾ വാങ്ങിയ ഇനത്തിൽ 2,280/-രൂപ മാത്രമാണ് കൺവീനർ ചെലവഴിച്ചതായി കാണുന്നത്. ഈ ചെലവുൾപ്പടെ പദ്ധതിക്കായി ആകെ ചെലവഴിച്ച 2,23,630/-രൂപ ഗുണഭോക്തൃസമിതി അംഗീകരിച്ചതായി ഗുണഭോക്തൃസമിതിയുടെ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്.

കൺവീനർ ക്ലെയിം ചെയ്തിട്ടില്ലാത്ത 48 സിമന്റ് കട്ടകൾക്ക് (124-76=48) എസ്റ്റിമേറ്റ് നിരക്കിൽ തുക അനുവദിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. കൺവീനർ ക്ലെയിം ചെയ്തിട്ടില്ലാത്ത ഇനം സന്നദ്ധസേവനമായി കണക്കാക്കണമെന്നാണ് ഗുണഭോക്തൃസമിതി മാർഗ്ഗരേഖളിൽ വ്യക്തമാക്കിയിട്ടുള്ളത്.

കൺവീനർ തുക ക്ലെയിം ചെയ്തിട്ടില്ലാത്ത സിമന്റ് കട്ടയുടെ എണ്ണം = 48

തുക ക്ലെയിം ചെയ്തിട്ടില്ലാത്ത 48 സിമന്റ് കട്ടകൾക്ക് ഷെഡ്യൂൾ നിരക്കായ

26/-രൂപ നിരക്കിൽ അനുവദിച്ച തുക 1,248/- രൂ. ഓഡിറ്റിൽ നിരാകരിക്കുന്നു.

(എ), (ബി) ഇനങ്ങളിലായി അധികം ചെലവഴിച്ച 10,976/- രൂപ (9,728+1,248) കൺവീനറിൽനിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നോ ഈടാക്കേണ്ടതാണ്.

മേൽവിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11 തീയതി 20.10.2017) ലഭ്യമാക്കിയ മറുപടിയിൽ "സോളിഡ് ബ്ലോക്കുകൾ വാങ്ങിയതിന്റെ ക്വട്ടേഷനുകളും, രസീതുകളും ബന്ധപ്പെട്ട കൺവീനർമാരുടെ പക്കൽ ഉണ്ട് എന്നും രണ്ടുദിവസത്തിനകം ഓഫീസിൽ ലഭ്യമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട് എന്നും, ലഭിച്ചാലുടൻ തന്നെ രേഖകൾ ഫയലിൽ സൂക്ഷിക്കുന്നതാണെന്നും" പരാമർശിച്ചിരിക്കുന്നു. എന്നാൽ പ്രവൃത്തിയുടെ യഥാർത്ഥചെലവുകൾ ഗുണഭോക്തൃസമിതി അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത മറുപടി അംഗീകരിക്കാൻ കഴിയുകയില്ല.

## 3-11 പ്രോജക്റ്റ് നം. S0081/17-പുത്തയം വള്ളിപ്പച്ച റോഡ് കോൺക്രീറ്റിംഗ്-കൺവീനർ പർച്ചേയ്സ് ചെയ്യാത്ത മണ്ണിന് എസ്റ്റിമേറ്റ് നിരക്കിൽ തുക അനുവദിച്ചു- നിരാകരിക്കുന്ന തുക-2461/-രൂപ

| | |
|---|---|
| നിർവഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ തുക | 2,72,000/- (മെയിന്റനൻസ് ഗ്രാന്റ്-റോഡ്) |
| കൺവീനർ | ശ്രീ.രാജേന്ദ്രൻ ആചാരി |
| എഗ്രി. നം/തീയതി | 22/AE/LSGD/ALN/16-17/17.1.2017 |
| എം. ബുക്ക് നം | 24/16-17 |
| ആകെ പ്രവൃത്തിമൂല്യം | 2,71,118 (ബിൽ നം.35/16-17/31.3.2017) |
| (-) വാറ്റ് 5% | 13,556 |
| WF 1% | 2,711 |
| IT 1% | 2,711 ആകെ 18,978 |
| കൺവീനർക്ക് നൽകിയത് | 2,52,140/- |

കൺവീനർ ഹാജരാക്കിയ ചെലവുരേഖകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക (രൂ) |
|---|---|---|
| 1 | സിമന്റ് | 72,000 |
| 2 | മിക്സർ, വൈബ്രേറ്റർ വാടക | 3,000 |
| 3 | മെറ്റൽ, പാറമണൽ | 1,20,185 |
| 4 | മസ്റ്റർ റോൾ | 1,23,400 |
| | ആകെ | 3,18,585/- |

ടി ചെലവ് ഗുണഭോക്തൃസമിതി അംഗീകരിച്ചതായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇനം-1(എം. ബുക്ക് പേജ് നം. 8) പ്രകാരം, “Filling with contractor's own earth (excluding rock) in trenches, plinth sides of foundation in layers not exceeding 20cm etc. complete” എന്ന പ്രവൃത്തിക്ക് 15.09m3-ന് 416.53/m3 നിരക്കിൽ 6,285.85 രൂ. അനുവദിച്ചിട്ടുണ്ട്. എന്നാൽ കൺവീനർ ഹാജരാക്കിയ ചെലവുരേഖകൾപ്രകാരം മണ്ണിന്റെ വിലയിനത്തിൽ തുക ചെലവഴിക്കുകയോ, ക്ലെയിം ചെയ്യുകയോ ചെയ്തിട്ടില്ല. ആയതിനാൽ 15.09m3 മണ്ണിന്റെ വിലയിനത്തിൽ എസ്റ്റിമേറ്റ് നിരക്കായ 163.11/m3 നിരക്കിൽ അനുവദിച്ച 2,461/-രൂ. ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നും ഈടാക്കേണ്ടതാണ്.

മേൽവിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11 തീയതി 20.10.2017) ലഭ്യമാക്കിയ മറുപടിയിൽ "എർത്ത് ഫില്ലിംഗ് പ്രവൃത്തി കൺവീനർ ക്വട്ടേഷൻ അടിസ്ഥാനത്തിൽ നടത്തിയതാണെന്നും, ക്വട്ടേഷൻ വിവരങ്ങൾ എല്ലാം തന്നെ രസീതുകളും ബന്ധപ്പെട്ട കൺവീനറുടെ പക്കൽ ഉണ്ട് എന്നും രണ്ടുദിവസത്തിനകം ഓഫീസിൽ ലഭ്യമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട് എന്നും, ലഭിച്ചാലുടൻ തന്നെ രേഖകൾ ഫയലിൽ

സൂക്ഷിക്കുന്നതാണെന്നും" പരാമർശിച്ചിരിക്കുന്നു. എന്നാൽ പ്രവൃത്തിയുടെ യഥാർത്ഥ ചെലവുകൾ ഗുണഭോക്തൃസമിതി അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത മറുപടി അംഗീകരിക്കാൻ കഴിയുകയില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 6,000 | നെൽകൃഷി വികസനം | 6,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 2,93,750 | പാലിന് സബ്സിഡി | 2,93,750 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | മുളവുകാട് കോളനി പൈപ്പ് ലൈൻ നീട്ടൽ | 1,28,497/ 29.3.2017 | 50,000 | | 50,000 |
| -ടി- | തേക്കിൻകാട് പൈപ്പ്ലൈൻ നീട്ടൽ | 128497/ 29.3.2017 | 1,00,000 | | 1,00,000 |
| -ടി- | കുട്ടിനാട് കോളനി പൈപ്പ്ലൈൻ നീട്ടൽ | 128497/ 29.3.2017 | 2,00,000 | | 2,00,000 |
| -ടി- | കുറവന്തേരി ചൊവ്വള്ളൂർ പൈപ്പ് ലൈൻ നീട്ടൽ | 128497/ 29.3.2017 | 50,000 | 0 | 50,000 |
| -ടി- | പുല്ലാഞ്ഞിയോട് ലക്ഷംവീട്പൈപ്പ് ലൈൻ നീട്ടൽ | 21601048/ 23.3.2017 | 1,00,000 | 0 | 1,00,000 |
| -ടി- | പുല്ലാഞ്ഞിയോട് കാവുവിള കുടിവെള്ള പൈപ്പലൈൻ | 21601045/ 23.3.2017 | 1,00,000 | 0 | 1,00,000 |

| | | | | | |
|---|---|---|---|---|---|
| | നീട്ടൽ | | | | |
| -ടി- | പച്ചക്കാട് ശാന്തിനഗർ കുടിവെള്ളം | 21601044/ 23.3.2017 | 1,00,000 | 0 | 1,00,000 |
| -ടി- | ഗാന്ധിനഗർ കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ | 21601043/ 23.3.2017 | 50,000 | 0 | 50,000 |
| -ടി- | പ്രശാന്ത് നഗർ കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ | 21601047/ 23.3.2017 | 50,000 | 0 | 50,000 |
| ടി | ഇലവും പൊയ്ക കോളനി കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 21601042/ 23.3.2017 | 1,00,000 | 0 | 1,00,000 |
| ടി | കുറവന്തേരി ഫോറസ്റ്റ് റോഡ് പൈപ്പലൈൻ നീട്ടൽ | 21601046/ 23.3.2017 | 50,000 | 0 | 50,000 |

0

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

വാർഷികധനകാര്യപത്രികയിൽ തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ 20,001/- രൂപ വരവുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് നൽകിയിട്ടില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 | 3-1,8-3 | 2006 | 3-1<br>8-3 | ഉപയോഗശൂന്യമായ പവർടില്ലർ ലേലം | ഒരു പവർടില്ലർ ലേലം ചെയ്തു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,47,80,521 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,09,29,066 |
| വരവിനങ്ങളിലുള്ള നഷ്ടം | 2,73,586 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 33,395 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 73,24,643 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 82,063 | | ശ്രീ.രാജു.എം,സെക്രട്ടറി |
| | 82,063 | | ശ്രീ.വി.സുരേഷ് കുമാർ,സെക്രട്ടറി |
| 2-2 | 19,230 | | ശ്രീ.രാജു.എം,സെക്രട്ടറി |
| | 19,230 | | ശ്രീ.വി.സുരേഷ് കുമാർ, സെക്രട്ടറി |
| 2-3 | 35,500 | | ശ്രീ.രാജു.എം,സെക്രട്ടറി |
| | 35,500 | | ശ്രീ.വി.സുരേഷ് കുമാർ, സെക്രട്ടറി |
| 3-8 | | 19,958 | ശ്രീ.അനീഷ് കുമാർ.ജെ, |

| | | | |
|---|---|---|---|
| | | | അസി.എഞ്ചിനിയർ |
| 3-10 | | 10,976 | ശ്രീ.അനീഷ് കുമാർ.ജെ<br>അസി.എഞ്ചിനിയർ |
| 3-11 | | 2,461 | ശ്രീ.അനീഷ് കുമാർ .ജെ,<br>അസി.എഞ്ചിനിയർ |
| ആകെ | 2,73,586 | 33,395 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 10,05,543 | ശ്രീ.വി.എസ്.സത്യൻ,<br>കൃഷി ഓഫീസർ |
| 3-2 | 3,50,000 | ശ്രീമതി.ഷാജിദ ബീഗം,<br>അസിസെക്രട്ടറി |
| | 6,00,000 | ശ്രീ.വി.സുരേഷ് കുമാർ,സെക്രട്ടറി |
| 3-3 | 16,78,600 | ശ്രീമതി.ഷാജിദ<br>ബീഗം,അസിസെക്രട്ടറി |
| 3-4 | 1,93,150 | ശ്രീമതി.ഷാജിദ<br>ബീഗം,അസിസെക്രട്ടറി |
| 3-5 | 33,97,350 | ശ്രീ.വി.സുരേഷ് കുമാർ,<br>സെക്രട്ടറി |
| 3-6 | 1,00,000 | ഡോ.അരുൺ ജൂഡ്<br>അൽഫോൺസ്,<br>മെഡിക്കൽ ഓഫീസർ |

| | | |
|---|---|---|
| | | പി.എച്ച്.സി |
| ആകെ | 73,24,643 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എം.രാജു,സെക്രട്ടറി | | പനയറ<br>പുത്തൻവീട്,<br>പൊടിയാറ്റുവിള<br>പി.ഒ,വാളകം,<br>കൊല്ലം |
| ശ്രീ.വി.സുരേഷ് കുമാർ,<br>സെക്രട്ടറി | | നെല്ലിക്കുന്നത്ത്<br>വീട്,<br>മുഖത്തല.പി.ഒ<br>കൊല്ലം |

| | | |
|---|---|---|
| ശ്രീ.അനീഷ് കുമാർ.ജെ.<br>അസി.എഞ്ചിനിയർ | | അഭിലാഷ്<br>ഭവൻ,<br>ഇളമാട് പി.ഒ<br>കൊല്ലം 691533 |

## 4-9 തീർപ്പാക്കനവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1994-95 | എൽ.എഫ്.ക്യൂ/പി4-463/00 തീയതി 09/05/2000 | |
| 1996-97 | എൽ.എഫ്.ക്യൂ/പി-314(7)/064 തീയതി18/05/06 | |

| | | |
|---|---|---|
| 1997-98 | എൽ.എഫ്.ക്യൂ/ പി4-1040/04<br>തീയതി 11/05/05 | |
| 1998-99 | എൽ.എഫ്.ക്യൂ/പി4- 314(5)/06<br>തീയതി v18/05/06 | |
| 1999-00 | എൽ.എഫ്.ക്യൂ/ പി4- 314(6)/06<br>തീയതി 18/05/06 | |
| 2000-01 | എൽ.എഫ്.ക്യൂ/ പി4- 1321/2014<br>തീയതി 19/06/16 | |
| 2001-02 | എൽ.എഫ്.ക്യൂ/ പി4- 122/05<br>തീയതി 31/08/05/28/03.2007 | |
| 2002-03 | എൽ.എഫ്.ക്യൂ/ പി4- 189/08<br>തീയതി 30/08/08 | |
| 2003-04 | എൽ.എഫ്.ക്യൂ/ പി4- 1325/11<br>തീയതി 29/12/11 | |
| 2004-05 | എൽ.എഫ്.ക്യൂ/ പി4-1259/10<br>തീയതി 07/04/11 | |
| 2005-06 | എൽ.എഫ്.ക്യൂ/ പി4- 1321/14<br>തീയതി19/06/14 | |
| 2006-07 | എൽ.എഫ്.ക്യൂ/ പി4- 1324/11 | |

| | | |
|---|---|---|
| | തീയതി 12/09/2011 | |
| 2007-08 | എൽ.എഫ്.ക്യൂ/ പി4- 190/12<br>തീയതി 23/06/2012 | |
| 2008-09 | എൽ.എഫ്.ക്യൂ/ പി4- 1001/2012<br>തീയതി 29/09/2012 | |
| 2009-10&<br>2010-11 | എൽ.എഫ്.ക്യൂ/പി4- 1056/2012<br>തീയതി 16/08/2012 | |
| 2011-12 &<br>2012-13 | എൽ.എഫ്.ക്യൂ/പി4- 1056/2012<br>തീയതി 16/08/2012 | |
| 2013-14 &<br>2014-15 | നം.കെ.എസ്.എ-കെ.എൽ.എം-പി.4/<br>1132 / 2016. തീ.21/07/16 | |
| 2015-16 | നം.കെ.എസ്.എ-കെ.എൽ.എം-പി.4/<br>309 / 2017 തീ.14/02/17 | |

ഡെപ്യൂട്ടിഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കൊല്ലം

## 4-10 ഓഡിറ്റ് സാക്ഷ്യപത്രം

നമ്പർ. കെ.എസ്.എ.കെ.എൽ.എം.പി-1/1896/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി – 15/12/2017

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷികധനകാര്യപത്രിക, വരവുചെലവുകണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടിഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കൊല്ലം.